(ഡി) ഈ സെന്റർ എന്നാണ് കരുനാഗപ്പള്ളിയിൽ നിലവിൽ വന്നത്; ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം എത്ര;

(ഇ) 1990 മുതൽ 1999 വരെ ഈ സെന്ററിൽ ക്യാൻസർ ടെസ്റ്റിന് വിധേയരായവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ സഹായമൊന്നും നൽകുന്നില്ല.

(സി) ഇക്കാര്യം വിശദമായി പരിശോധിച്ചുവരികയാണ്.

(ഡി) ഈ സെന്റർ 1990 ലാണ് നിലവിൽ വന്നത്. വിവിധ തസ്തികകളിലായി 18 ജീവനക്കാർ ഇപ്പോൾ ജോലി നോക്കിവരുന്നു.

(ഇ) മുപ്പതിനായിരത്തിൽപ്പരം ആളുകളെ ഇതിനകം ഇവിടെ പരിശോധനാവിധേയരാക്കിയിട്ടുണ്ട്.

പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ

150(861)ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിൻമേൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ നടത്തിപ്പും നിയന്ത്രണവും അതാത് ബ്ലോക്ക് പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. കൂടുതൽ സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപടികൾ കൈക്കൊള്ളാവുന്നതാണ്.

കണ്ടല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം

151(862)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ പണിപൂർത്തീകരിച്ചിരിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം എന്ന് ഉദ്ഘാടനം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly